**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - മൂവാറ്റുപുഴ നഗരസഭ – മൂവാറ്റുപുഴ രാജ്യാന്തര ചലച്ചിത്രോത്സവവും മലയാള സിനിമയുടെ 90-ാം വാർഷികവും - നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 482/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 19/02/2018

---

പരാമർശം:- മൂവാറ്റുപുഴ ഫിലിം സൊസൈറ്റി പ്രസിഡന്റിന്റെ 25.01.2018 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

മലയാള സിനിമയുടെ 90-ാം വാർഷികം ആഘോഷിക്കുന്നതിന്റെ ഭാഗമായി മലയാള സിനിമയുടെ ചരിത്രം പ്രതിപാദിക്കുന്ന എക്സിബിഷൻ 2018 ഫെബ്രുവരി 10,11,12,13 തീയതികളിൽ കാന്റൺ മാളിന്റെ വിശാലമായ ഹാളിൽ നടത്തുന്നതിനും മൂവാറ്റുപുഴ നഗരസഭയുടെ സഹകരണത്തോടെ നടത്തുന്ന 9-ാം മൂവാറ്റുപുഴ രാജ്യാന്തര ചലച്ചിത്ര മേളയുടെ ചെലവുകൾക്കും മൂവാറ്റുപുഴ നഗരസഭയുടെ ഫണ്ടിൽ നിന്ന് 50000 രൂപ അനുവദിച്ച് ഉത്തരവാകണമെന്നു മൂവാറ്റുപുഴ ഫിലിം സൊസൈറ്റി പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയാള സിനിമയുടെ 90-ാം വാർഷിക ആഘോഷ ചെലവുകൾക്കും, മൂവാറ്റുപുഴ നഗരസഭയുടെ സഹകരണത്തോടെ നടത്തുന്ന 9-ാം മൂവാറ്റുപുഴ രാജ്യാന്തര ചലച്ചിത്ര മേളയുടെ ചെലവുകൾക്കും 25000/- (ഇരുപത്തി അയ്യായിരം) രൂപയിൽ കവിയാത്ത തുക നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അവരുടെ കൗൺസിൽ തീരുമാനത്തിന് വിധേയമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർപേഴ്സൺ, മൂവാറ്റുപുഴ നഗരസഭ, മൂവാറ്റുപുഴ പി.ഒ, കോട്ടയം
പ്രസിഡന്റ്, മൂവാറ്റുപുഴ ഫിലിം സൊസൈറ്റി, മൂവാറ്റുപുഴ പി.ഒ, പിൻ - 686661
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ